പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5246 — 23-05-2017-ലെ മറുപടിയ്ക്ക്

## ജൈവവളങ്ങളുടെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | കൃഷിഭവൻ മുഖേന നൽകുന്ന ജൈവവളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | **(എ)** | ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം ജൈവവളങ്ങളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ഗുണനിലവാരമുള്ള ജൈവവളങ്ങൾക്കു മാത്രമാണ് കൃഷി വകുപ്പ് വില്പന അനുമതിപത്രം നൽകുന്നത്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ജൈവവളങ്ങളുടെ സാമ്പിളുകൾ ഫെർട്ടിലൈസർ ഇൻസ്പെക്ടർ കൂടിയായ കൃഷി ഓഫീസർമാർ അംഗീകൃത ഡിപ്പോകളിൽ നിന്ന് ശേഖരിച്ച് അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. |
| **(ബി)** | ജൈവവളത്തിന്റെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്? | **(ബി)** | 2016-17-ൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ആവിഷ്കൃതമായി കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി 1622 റ്ററൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിച്ചു. റ്ററൽ കമ്പോസ്റ്റ് യൂണിറ്റിന് 5,000/- രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500/- രൂപ വീതവും എന്ന നിരക്കിൽ 182.50 ലക്ഷം രൂപ ധനസഹായം നൽകി.<br><br>ഈ സാമ്പത്തിക വർഷത്തിൽ ജൈവവളവും ജൈവ കീടനാശിനികളും കൃഷിയിടത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനവും ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ഓരോ ബ്ലോക്കിലും 5 യൂണിറ്റുകൾ വീതം 146 ബ്ലോക്കുകളിലായി 730 ജൈവവള നിർമ്മാണ യൂണിറ്റുകൾക്കായി യൂണിറ്റൊന്നിന് 5,000/- രൂപ നിരക്കിൽ 36.50 ലക്ഷം രൂപ ധനസഹായം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**